കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.KSAEKM.(പി8)2026/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
e-mail.lfadekm@gmail.com
0484- 2422771

തീയതി: 01/12/2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ,
മഞ്ഞള്ളൂർ ഗ്രാമ പഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം : മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും ഭാഗം 3 ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.

3)കാര്യാലയ പകർപ്പ്.

നം.KSAEKM.(പി 8)2026/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്

എറണാകുളം ജില്ല
e-mail.lfadekm@gmail.com
0484- 2422771

തീയതി: 01/12/2018

# മഞ്ഞള്ളൂർ ഗ്രാമപ്പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2017-18

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

### ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

മഞ്ഞള്ളൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഗ്രാമപ്പഞ്ചായത്ത് 30.05.2017മുതൽ 17.09.2018വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | : | ശ്രീമതി ജയ.സി.ആർ ഡെപ്യൂട്ടി ഡയറക്ടർ |

.

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.09.2018മുതൽ 29.09.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം | ശ്രീ. ജിനിൽ റോയ്, ഓഡിറ്റ് ഓഫീസർ<br>ശ്രീ.സി.എം.റഷിദ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.വിജു.എം.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.സ്വപ്ന .വി, ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ജോസ് പെരുമ്പിള്ളിക്കുന്നേൽ | 01.04.2017മുതൽ 31.03.2018വരെ |
| സെക്രട്ടറി | ശ്രീ.പി.എം.മുഹമ്മദ് | 01.04.2017മുതൽ 28.02.2018.വരെ |
| | ജാസ്മിൻ അഹമ്മദ്.എൻ. അസി.സെക്രട്ടറി ഇൻചാർജ് | 01.03.2018മുതൽ 31.03.2018വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീമതി. ഷീജ.എം.ആർ | 01.04.2017മുതൽ 15.06.2017വരെ |
| അസി.സെക്രട്ടറി | ജാസ്മിൻ അഹമ്മദ്.എൻ. | 16.06.2017മുതൽ 31.03.2018വരെ |
| കൃഷി ഓഫീസർ | ശ്രീമതി. കെ.പി .സെലീനാമ്മ | 01.04.2017മുതൽ 09.09.2017വരെ |
| കൃഷി ഓഫീസർ | ശ്രീമതി.അഞ്ജു. | 10.09.2017 മുതൽ 24.10.2017വരെ |
| കൃഷി ഓഫീസർ | ശ്രീ.രാഹുൽ കൃഷ്ണൻ | 25.10,2017 മുതൽ 31.03.2018വരെ |
| വെറ്ററിനറി സർജൻ | ഡോ.സുധീർഖാൻ | 01.04.2017മുതൽ 31.03.2018രെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ബിന്ദു.ബി,എ | 01.04.2017മുതൽ 31.03.2018വരെ |
| വില്ലേജ് എക്സ്റ്റഷൻ ഓഫീസർ (മടക്കത്താനം) | ശ്രീ.ബിജു.പി.ബി | 01.04.2017മുതൽ 31.03.2018വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, (മഞ്ഞള്ളൂർ) | ശ്രീമതി. ദിവ്യ. കെ.പി | 01.04.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ,അലോപ്പതി | ഡോ.പ്രിയ ബെൽരാജ് | 01.04.2017മുതൽ 03.12.2017വരെ |
| | ഡോ. ജയലക്ഷ്മി | 04.12.2017മുതൽ 31.03.2018വരെ |
| ഡയറി ഡെവലപ്പമെന്റ് ഓഫീസർ | ശ്രീ.സുജിത്ത് രാഘവൻ | 01.04.2017മുതൽ 21.06.2017വരെ |
| | ശ്രീമതി.ഷിമ.ജെ | 22.06.2017മുതൽ 10.11.2017വരെ |
| | ശ്രീമതി ഷേബ.പി.ബേബി | 11.11.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മായ മാത്യൂ | 01.04.2017മുതൽ 31.03.2018വരെ |

| | | |
|---|---|---|
| ഹെഡ് മാസ്റ്റർ | ശ്രീമതി .പി.കെ .സുജാത | 01.04.2017മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ശരത്ത്. ബി.ജോഷി | 01.04.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. അനുവിശ്വം | 01.04.2017മുതൽ 31.03.2018വരെ |

<u>സൂചിക</u>


| ക്രമ നം | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 | | |
| 1. | ബജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 1-3 |
| 4. | സാമ്പത്തിക വിശകലനം | 1-4 |
| 5. | ഫണ്ട് വിനിയോഗം | 1-5 |
| 6. | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9. | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം 2 | | |
| 13. | വസ്തു നികുതി കണക്കാക്കിയതിൽ അപാകത | 2-1 |
| ഭാഗം 3 | | |
| 14. | ഭവന പുനരുദ്ധാരണം-അപാകതകൾ | 3-1 |
| 15. | നിയമവിരുദ്ധമായി ഡെപ്പോസിറ്റ് നല്കി | 3-2 |
| 16 | മരുന്ന് യഥാസമയം ലഭിക്കുന്നില്ല | 3-3 |
| 17. | വാട്ടർ ചാർജ് – അപാകത | 3-4 |
| | ഭാഗം 4 | |

| | | |
|---|---|---|
| 18. | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 19. | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 20. | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 21 | വായ്പ, വായ്പ തിരിച്ചടവ് | 4-4 |
| 22 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 23. | ഓഡിറ്റ് റിക്കവറി | 4-6 |
| 24. | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ | 4-7 |
| 25 | ചാർജ്,സർച്ചാർജ് നല്കിയതിന്റെ വിവരം | 4-8 |
| 26. | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 27. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 28. | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 29. | 2017-18, വർഷത്തെ റെസീറ്റ് ആന്റ് പേയ്മെന്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ, ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് 22.03.2017 തീയതിയിലെ 1- ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

2017-18 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് 10.05.2018 തീയതിയിലെ 9(1)- ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 16.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം, തീയതി |
|---|---|---|
| 2017-18 | 23.06.2018,24.06.2018 | കെ.എസ്.എ.ഇ.കെ.എം(പി.ജി)1786(45)/2018 തീ.30.08.2018 |

## 1-4 സാമ്പത്തിക വിശകലനം

| ഇനം | 2017-18 |
|---|---|
| മുന്നിരിപ്പ് | 9193798 |
| വരവ് | 47767937 |
| ആകെ | 56961735 |
| ചെലവ് | 52837402 |
| നീക്കിയിരിപ്പ് | 4124333 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം ACR പ്രകാരം | ഇനം തിരിച്ച് | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 00 | 9616000 | 9616000 | 9602436 | 0 | 99.86 |
| വികസന ഫണ്ട് എസ്.സി.പി | | 00 | 2584421 | 2584421 | 2584421 | 0 | 100 |
| വികസന ഫണ്ട് ടി.എസ്,പി | | 00 | 98959 | 98959 | 98959 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | | 00 | 6803313 | 6803313 | 6631113 | 0 | 97.47 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | | 00 | 2591000 | 2591000 | 2591000 | 0 | 100 |
| പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 10561783 | 10561783 | 3175591 | 0 | 30.07 |
| പെർഫോർമസ് ഗ്രാന്റ് (ലോകബാങ്ക്) | | 00 | 2341349 | 2341349 | 2318929 | 0 | 99.04 |
| എം.എൻ.ആർ ജി.ഇ.എസ് | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 448 | 8596501 | 8596949 | 8591920 | 5029 | 99.24 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | എസ്.എൻ.പി. ഷെയർ | 322896 | 411213 | 734109 | 365935 | 368174 | |
| ദുരിതാശ്വാസ നിധി | | 8534 | 318 | 8852 | 0 | 8852 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | ശുചിത്വമിഷൻ | 573879 | 747801 | 1321680 | 492024 | 829656 | |
| ബി ഫണ്ട് | | 00 | 20892448 | 20892448 | 20892448 | 0 | 100 |
| തനത് ഫണ്ട് | അക്കൗണ്ട് നം 001001000629 | 4681661 | 10894666 | 15576327 | 15113476 | 4628351 | |

| | | | | | | | |
|---|---|---|---|---|---|---|---|
| വെസ്റ്റേൺ ഘാട്ട് പദ്ധതി | 0 | 12128 | 0 | 12128 | 0 | 12128 | 0 |
| സംയുക്ത പ്രോജക്ട് | ജില്ലപഞ്ചായത്ത് | 207540 | 200000 | 407540 | 0 | 407540 | |
| | ബ്ലോക്ക് | | 1238265 | 1238265 | 843769 | 394496 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 2017-18 | 188 | 142 | 32 | 14 | 75.53 |

നിർബന്ധിത വകയിരുത്തലുകളും ചെലവും

| പദ്ധതി | വർഷം | പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തൽ | ചെലവ് |
|---|---|---|---|---|
| വനിതാ ഘടക പദ്ധതി | 2017-18 | 06 | 3562000 | 2121471 |
| വൃദ്ധർ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ | 2017-18 | 05 | 2366450 | 964804 |
| പാലിയേറ്റിവ് കെയർ | 2017-18 | 01 | 500000 | 500000 |
| ഖരമാലിന്യ നിർമ്മാർജ്ജനം | 2017-18 | 04 | 2218250 | 477030 |
| ആശ്രയ പദ്ധതി | 2017-18 | 01 | 100000 | 100000 |

ഓഡിറ്റ് വർഷത്തിൽ ആശ്രയ പദ്ധതി അവഗണിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 448 | 617295 | 617743 | 612714 | 5029 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 7979206 | 7979206 | 7979206 | 0 |
| ആകെ | 448 | 8596501 | 8596949 | 8591920 | 5029 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 165 | 2024600 |

| | | |
|---|---|---|
| വിധവാപെൻഷൻ | 494 | 5902200 |
| വാർദ്ധക്യകാലപെൻഷൻ | 812 | 10974600 |
| വികലാംഗപെൻഷൻ | 144 | 1633600 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 25 | 285200 |
| തൊഴിൽ രഹിത വേതനം | 17 | 10320 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 1 | 30000 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.09.2018 3PM ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 17164/-രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ജനസേവന കേന്ദ്രം ഒന്നാം നിലയിലായതിനാൽ പ്രായമായവർക്ക് അപേക്ഷയും മറ്റും നല്കുന്നതിനുള്ള ബുദ്ധിമുട്ട് വളരെ വലുതാണ്. പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ പൊതുവേ തൃപ്തികരമാണ്. മാനുവൽ രസീതുകളിലെ ക്യാൻസൽ രസീതുകൾ സെക്രട്ടറിയോ അസിസ്റ്റന്റ് സെക്രട്ടറിയോ പരിശോധിച്ച് ബോദ്ധ്യപ്പെടുന്നില്ല. രജിസ്റ്ററുകൾ എല്ലാം തന്നെ നന്നായി സൂക്ഷിക്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.09.2018 | 08/2018 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.062007മുതൽ 27.06.2007വരെ | 2006-07 | 30.07.2007 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ.

30.08.2018 ലെ കെ.എസ്.എ.ഇ.കെ.എം (പി.ജി) 1786(45)/2018 നമ്പർ റിപ്പോർട്ട് പ്രകാരം ഓഡിറ്റ് സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി ഈടാക്കിയതിൽ കുറവ്-

ഒരു കെട്ടിടത്തിൽ തന്നെ വ്യത്യസ്ത ഭാഗങ്ങൾ ഒരാളിന്റെ തന്നെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തക്കതായ കാരണത്താൽ (നാലാം ചട്ടം ഒന്നാം ഉപചട്ടം) മാത്രം വ്യത്യസ്ത നമ്പരുകൾ നൽകി

നികുതി ചുമത്തേണ്ടതാണെന്ന് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 3(4) നിഷ്കർഷിക്കുന്നത്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്'. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത. സ്വ. ഭ. വ. നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 60/-രൂപയായി പഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ട്. 13-12-2011 ലെ I1 (I)ാം നമ്പർ തീരുമാനം). എന്നാൽ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഏതാനും കെട്ടിടങ്ങളെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും അവയ്ക്ക് ഉയർന്ന നികുതി നിരക്കിന് പകരം 100/-ചതുരശ്ര മീറ്ററിന് താഴെയുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 50/-രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കിയതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ പേര് വിവരം,അസ്സസ്മെന്റ് തീയതി | വാർഡ്,കെട്ടിട നമ്പർ | കെട്ടിടത്തിന്റ വിസ്തൃതി (ച.മീ.) | നിർണയിച്ചനികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീറ്ററിന് 50 രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ(ച.മീ.ന് 60രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|
| ബാബു മാത്യൂ മുടക്കാലിൽ | III/481A<br>മുതൽ<br>III /481 M<br>വരെ | 729.97m2 | 36499+1825=38324<br>(20% വർദ്ധനവ്) | 43798+2190= 45988 | 7664' |
| ജോസഫ് മാനുവൽ പുൽപ്പറമ്പിൽ | I /544 A<br>മുതൽ<br>I/544 C<br>വരെ | 169.85m2 | 8493+425=8918<br>(14% വർദ്ധനവ്) | 10191+510= 10701 | 1783 |
| മാണി മാന്തിയിൽ കാപ്പ് | VI /331 B<br>മുതൽ<br>VI/331D<br>വരെ<br>VI /331F മുതൽ VI /331G വരെ | 127.89 m2 | 6395+320=6715 | 7673+384= 8057 | 1342 |

| | | | | | |
|---|---|---|---|---|---|
| അജ്മൽ ബഷീർ | VIII I- A മുതൽ VIII I-H വരെ | 306.36 m2 | 15318+766=16084 | 18382+919= 19301 | 3217 |
| ആകെ | | | | 14006 | |

മേൽ വിവരിച്ച പ്രകാരം വസ്തു നികുതി ഈടാക്കിയത് നിമിത്തം 14006/- രൂപയുടെ നഷ്ടം പഞ്ചായത്തിന് സംഭവിച്ചിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വസ്തു നികുതി പുനർ നിർണ്ണയിച്ച് 14006 രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഭവന പുനരുദ്ധാരണം-അപാകതകൾ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മഞ്ഞള്ളൂർ നടപ്പിലാക്കിയ ഭവന പുനരുദ്ധാരണം എന്ന പ്രോജക്ടിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി നം | എസ് 104/18, ഭവന പുനരുദ്ധാരണം (ജനറൽ) |
| ഫണ്ട് | വികസന ഫണ്ട്, തനത് ഫണ്ട് |
| തുക | 1233000, 717000 |

1)ഗുണഭോക്താക്കൾ നല്കിയിട്ടുള്ള അപേക്ഷഫോമിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല.

2)പ്രോജക്ടിൻമേലുള്ള തീരുമാനം മിക്ക ഫയലുകളിലും നിർവ്വഹണോദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടില്ല.

3)മിക്ക ഫയലിലും ഗുണഭോക്താക്കളുമായി നിർവ്വഹണോദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടിട്ടില്ല.

4)ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചതിന്റെ വിവരങ്ങളോ, മോണിറ്ററിംങ് റിപ്പോർട്ടോ രേഖപ്പെടുത്തിയിട്ടില്ല.

5) പേരോ, ഒപ്പോ രേഖപ്പെടുത്താത്ത അപേക്ഷയും പരിഗണിച്ചിട്ടുണ്ട്.
6) ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള മോണിറ്ററിംങ് റിപ്പോർട്ട് കക്കൂസ് നിർമ്മാണത്തിന്റേതാണ്.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിന് ഇത്തരം തെറ്റുകൾ ആവർത്തിക്കില്ലെന്ന് ചൂണ്ടിക്കാട്ടി മറുപടി ലഭ്യമാക്കിയെങ്കിലും ഭവന പുനരുദ്ധാരണത്തിന് വേണ്ടിയുള്ള പദ്ധതിയിൽ കക്കൂസ് നിർമ്മാണത്തിന്റെ മോണിറ്ററിംങ് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയപ്പോൾ തന്നെ നടപ്പിലാക്കുന്ന

പ്രോജക്ടിനെക്കുറിച്ച് വർക്കിംങ് കമ്മറ്റിക്കോ, നിർവ്വഹണോദ്യോഗസ്ഥനോ വ്യക്തമായ ധാരണയില്ലെന്ന് ബോധ്യമാകുന്നു. അപേക്ഷകർ നല്കിയിട്ടുള്ള അപേക്ഷഫോമിൽ അപേക്ഷകന്റെ പേരോ, ഒപ്പോ ഇടാത്ത അപേക്ഷയും നിർവ്വഹണോദ്യോഗസ്ഥൻ അർഹതയ്ക്ക് പരിഗണിച്ചിട്ടുണ്ട്. വ്യക്തിഗത ആനുകൂല്യം അനുവദിക്കുമ്പോൾ വ്യക്തിയെ സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായും ഉൾപ്പെടുത്തേണ്ടതാണ്. ഇത്തരത്തിലുള്ള അപാകതകൾ തുടർന്നുള്ള പ്രോജക്ടുകളിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 നിയമവിരുദ്ധമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് നല്കി

| | |
|---|---|
| ബിൽ നം, തീയതി | 233/16-17 , 27.06.2017 |
| ചെക്ക് നം,തീയതി | 130159/scb/629 ,27.06.2017 |
| ഫണ്ട്, തുക | തനത് ഫണ്ട്, 196226 |

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 2014 ൽ പുറപ്പെടുവിച്ച കേരള ഇലക്ട്രിസിറ്റി സപ്ലൈക്കോഡിന്റെ 67(6) വകുപ്പ് പ്രകാരം ദ്വൈമാസ ബില്ലിംങ് ഉള്ള ഉപഭോക്താക്കൾ മൂന്ന് മാസത്തെ വൈദ്യുതി ചാർജിന് തുല്യമായ തുകയും പ്രതിമാസ ബില്ലിംങ് ഉള്ള ഉപഭോക്താക്കൾ രണ്ടു മാസത്തെ വൈദ്യുതിചാർജിന് തുല്യമായ തുകയും സെക്യൂരിറ്റി ഡെപ്പോസിറ്റായി നല്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡ് പഞ്ചായത്തിൽ നിന്നും ഡെപ്പോസിറ്റ് തുകയിനത്തിൽ 196226 /- രൂപ ഈടാക്കിയിട്ടുണ്ട്.എന്നാൽ 2014 ൽ പുറപ്പെടുവിച്ച കേരള ഇലക്ട്രിസിറ്റി സപ്ലൈക്കോഡിന്റെ വകുപ്പ് 102(3)ന് വിരുദ്ധമായാണ് കേരള സംസ്ഥാന വൈദ്യുതി ബോർഡ് പഞ്ചായത്തിൽ നിന്നും ഡെപ്പോസിറ്റ് ഈടാക്കിയിട്ടുള്ളത്.തെരുവ് വിളക്കുകൾ പൊതു ആവശ്യങ്ങൾക്ക് ഉള്ളതാകയാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങേണ്ടതില്ലയെന്ന് അനുശാസിക്കുന്നുണ്ട്. കൂടാതെ കേരള ഇലക്ട്രിസിറ്റി സപ്ലൈക്കോഡിന്റെ 72ാം വകുപ്പ് പ്രകാരം ഡെപ്പോസിറ്റായി നല്കുന്ന തുകയ്ക്ക് നിലവിലുള്ള ബാങ്ക് പലിശയ്ക്ക് അർഹതയുണ്ട്. മേൽ പരാമർശിച്ചിട്ടുള്ള വകുപ്പ് പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റായി നല്കിയ 196226/- രൂപ പലിശയടക്കം തിരികെ ലഭിച്ചിട്ടുണ്ടോയെന്ന ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ മേൽ സൂചിപ്പിച്ച തുക തിരികെ ഈടാക്കുന്നതിനുള്ള കത്ത് കേരള സംസ്ഥാന വൈദ്യൂതി വകുപ്പിന് നല്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത തുക കേരള സംസ്ഥാന വൈദ്യൂതി വകുപ്പിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.അതുവരെ 196226/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങൽ (പ്രോജക്ട് നമ്പർ S0 126/2018)പ്രകാരം കാരുണ്യ മെഡിക്കൽ ഡിപ്പോയിൽ നിന്നും ഇൻഡന്റ് പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി 25/01/2018 ന് ബിൽ നം. 09 പ്രകാരം 100000/- രൂപ നൽകി. എന്നാൽ നാളിതുവരെ 61539/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ .

വർക്കിങ്ങ് ഗ്രൂപ്പ് മേൽ പ്രോജക്ടിന്റെ പ്രവർത്തനങ്ങളെ മോണിറ്ററിങ്ങ് നടത്തിയിട്ടില്ല. ആരോഗ്യകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി, വർക്കിംങ്ങ് ഗ്രൂപ്പ് എന്നിവയുടെ ഇടപെടലുകളിലൂടെ

മരുന്നുകൾ യഥാസമയം ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 വാട്ടർ ചാർജ് - അപാകത

പഞ്ചായത്തിലെ വാട്ടർ ചാർജ് അടവാക്കൽ, ഈടാക്കൽ എന്നിവ സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

എ) വാട്ടർ ചാർജ് കുടിശ്ശിക

വാട്ടർ ചാർജ് ഇനത്തിൽ വൻതുകയാണ് ഗ്രാമ പഞ്ചായത്തിൽ കുടിശ്ശിക ഉള്ളത്.മാത്രവുമല്ല ഗ്രാമ പഞ്ചായത്തിലെ കണക്ക് പ്രകാരമുള്ള വാട്ടർ ചാർജ് കുടിശ്ശികയും, വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരമുള്ള കുടിശ്ശികയും തമ്മിൽ വലിയ അന്തരമുണ്ട്.

ബി) 2017-18 ൽ പ്രൊജക്റ്റ് നം - 209/2017-18 പ്രകാരം 695379 രൂപ വെള്ളക്കരം ഇനത്തിൽ അടവാക്കിയിട്ടുണ്ട്. ഇത് താഴെ പറയുന്ന കൺസ്യൂമർ നമ്പറിൽ ഉള്ള പൈപ്പുകളുടെ വെള്ളക്കര കുടിശ്ശികയാണ്.

| ക്രമ.നം | കൺസ്യൂമർ നം | സ്ഥാപനം |
|---|---|---|
| 1 | MJR/733/N-ND | കംഫർട്ട് സ്റ്റേഷൻ |
| 2 | MJR/487/N-ND | പി എച്ച് സി |
| 3 | MJR/896/N-ND | കംഫർട്ട് സ്റ്റേഷൻ (പൈനാപ്പിൾ മാർക്കറ്റ്) |
| 4 | MJR/955/N-ND | കമ്മ്യൂണിറ്റി ഹാൾ |

പ്രസ്തുത കണക്ഷനുകളുടെ മീറ്ററുകൾ പ്രവർത്തിക്കുന്നില്ല എന്ന് ഫയലിലും, വാട്ടർ അതോറിറ്റിയുടെ രേഖകളിലും വ്യക്തമാക്കിയിട്ടുണ്ട്. മീറ്ററുകൾ പ്രവർത്തിക്കാത്തതിനാലാണ് വൻതുക വെള്ളക്കര കുടിശ്ശിക വന്നിട്ടുള്ളത്. കേടായ മീറ്റർ മാറ്റി സ്ഥാപിക്കേണ്ടതാണെന്ന് 23.01.2018 ലെ വാട്ടർ അതോറിറ്റി അദാലത്തിൽ അറിയിച്ചിരുന്നു.

കുടിവെള്ള കണക്ഷനുകളുടെ പ്രവർത്തന രഹിതമായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിന് യഥാസമയം ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാതിരുന്നത് മൂലം വെള്ളക്കരം കുടിശ്ശികയിനത്തിൽ വൻ തുക പഞ്ചായത്തിന് നഷ്ടമായി. ഫയൽ പരിശോധിച്ചതിൽ നിലവിൽ ഈ അപാകത പരിഹരിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ പഞ്ചായത്ത് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

| കൺസ്യൂമർ നം | അടക്കേണ്ട തുക |
|---|---|
| MJR/733/N-ND | 194456 |
| MJR/487/N-ND | 363316 |
| MJR/896/N-ND | 21185 |
| MJR/955/N-ND | 24408 |
| ആകെ | 603365 |

സി) വാട്ടർ അതോറിറ്റി ലിസ്റ്റ് പ്രകാരമുള്ള കുടിശ്ശിക (3219521 രൂപ) യും ,ഗ്രാമ പഞ്ചായത്ത് ലിസ്റ്റ് പ്രകാരമുള്ള കുടിശ്ശികയും (948018 രൂപ) തമ്മിലുള്ള അന്തരം 2271503 രൂപയാണ്. വെള്ളക്കരം അടവാക്കുന്നതിലെ അപാകത മൂലമാണോ പ്രസ്തുത വ്യത്യാസം എന്ന് വ്യക്തമല്ല.പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക ഡിവിഷണൽ ഓഫീസിൽ നേരിട്ടും ട്രഷറിയിൽ നിന്ന് ഓൺലൈൻ മുഖേന കെ ഡബ്ല്യു എ ഹെഡ് ഓഫീസിലും അടക്കുന്നുണ്ട്. ട്രഷറിയിൽ നിന്ന് ഓൺലൈൻ മുഖേന അടക്കുന്നത് യഥാസമയം ട്രഷറി ട്രാൻസ്ഫർ സ്റ്റേറ്റ്മെന്റ് സഹിതം ഡിവിഷണൽ ഓഫീസിൽ അറിയിച്ചാൽ മാത്രമാണ് ഡിമാന്റിൽ കുറവ് ചെയ്യാൻ സാധിക്കുന്നത്. കുടിശ്ശിക വ്യത്യാസം പരിഹരിക്കുന്നതിന് പഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ഡി)ലേലക്കാരിൽ നിന്ന് വെള്ളക്കരം ഈടാക്കുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള കംഫർട്ട് സ്റ്റേഷനുകൾ ലേലം കൈക്കൊണ്ട വ്യക്തികളിൽ നിന്ന് വെള്ളക്കരം ഈടാക്കുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | കംഫർട്ട് സ്റ്റേഷന്റെ പേര് | ലേലം കൊണ്ട വ്യക്തി | ലേല തീരുമാനം നം | കൺസ്യൂമർ നമ്പർ |
|---|---|---|---|---|
| 1 | ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ | എ എസ് ഉണ്ണി, എള്ളക്കാട്ടിൽ | 21/02/2017 ,III | MJR/733/N-ND |
| 2 | പൈനാപ്പിൾ മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ | എ എസ് ഉണ്ണി, എള്ളക്കാട്ടിൽ | 12/07/2018,I | MJR/896/N-ND |

മീറ്റർ പ്രവർത്തിക്കാത്തതിനാൽ വെള്ളക്കരം നിർണ്ണയിക്കാൻ സാധിക്കാത്തതിനാലാണ് ലേലക്കാരിൽ നിന്ന് വെള്ളക്കരം ഈടാക്കാൻ കഴിയാത്തത്. മീറ്റർ പ്രവർത്തന രഹിതമായതിനാൽ വൻ തുകയാണ് വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ അടക്കുന്നത്. ലേലക്കാരിൽ നിന്ന് വെള്ളക്കരം ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്കായി തൻവർഷം ലഭിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 163265 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 107725 | 55540 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 255000 | നെൽകൃഷി വികസനം | 196044 | 58956 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | പാലിയേറ്റീവ് കെയർ | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 160000 | പാലിന് സബ്സിഡി | 160000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 280000 | അംഗനവാടി നിർമ്മാണം | 280000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 280000 | അംഗനവാടി നിർമ്മാണം | 280000 | തൻവർഷംതുക ചെലവഴിച്ചില്ല |
| ജില്ല പഞ്ചായത്ത് | 2017-18 | 200000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 280000 | തൻവർഷം തുക ചെലവഴിച്ചില്ല |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | മുൻകൂർ നൽകിയതുക | നിർവ്വഹണ സ്ഥാപനം |
|---|---|---|---|
| എസ് 169/117-18 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ അധിക തുക അടവാക്കൽ | 293000 | വാട്ടർ അതോറിറ്റി |
| | ആകെ | 293000 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2017-18വർഷം ലഭിച്ച 36900/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രസീത് നമ്പർ തിയ്യതി | തീയതി |
|---|---|---|---|---|---|
| 2015-16 | 2-1 | 1250 | മാത്യൂ വർഗ്ഗീസ് | 117010100157 | 07.04.17 |
| 2015-16 | 2-1 | 1250 | മാത്യൂ വർഗ്ഗീസ് | 117010100158 | 07.04.17 |

| | | | | | |
|---|---|---|---|---|---|
| 2015-16 | 2-1 | 1250 | മാത്യു വർഗ്ഗീസ് | 117010100159 | 07.04.17 |
| 2015-16 | 2-1 | 1250 | ദിലീഷ് ജോസ് | 117010100169 | 10.04.17 |
| 2015-16 | 2-1 | 1600 | ജോജൻ വർഗ്ഗീസ് | 117010100170 | 10.04.17 |
| 2015-16 | 2-1 | 1250 | ജോബിൻ അലക്സ്, പുത്തൻ പുരയ്ക്കൽ | 117010100467 | 03.05.17 |
| 2015-16 | 2-1 | 1900 | ജിജി ജോസ്, ചൊളമ്പേൽ | 117010100588 | 17.05.17 |
| 2015-16 | 2-1 | 1250 | സെലീനാമ്മ ജെയിംസ്, കുന്നംപുറത്ത് | 117010100929 | 21.07.17 |
| 2015-16 | 2-1 | 1250 | മുഹമ്മദ് ഷെറിഫ്, വെട്ടുപറമ്പിൽ | 117010100027 | 01.07.17 |
| 2015-16 | 2-1 | 2500 | സെലീനാമ്മ ജെയിംസ്, കുന്നംപുറത്ത് | 117010101209 | 17.07.17 |
| 2015-16 | 2-1 | 1250 | മാനേജർ, ഗോൾഡൻ സോമിൽ | 117010101279 | 25.07.17 |
| 2015-16 | 2-1 | 1250 | മാനേജർ, ഗോൾഡൻ സോമിൽ | 117010101279 | 25.07.17 |
| 2015-16 | 2-1 | 1900 | ബേബി തോമസ്, നമ്പ്യാപറമ്പിൽ | 117010101304 | 27.07.17 |
| 2015-16 | 2-1 | 1250 | വിഷ്ണു ,കുറ്റിയാനിക്കൽ | 117010101335 | 02.08.17 |
| 2015-16 | 2-1 | 1250 | സുന്ദരൻ.കെ.എസ് കോച്ചേരിക്കുടിയിൽ | 117010101520 | 27.07.17 |
| 2015-16 | 2-1 | 600 | സൈനുദീൻ.പി.എം., പഴയരികിൽ | 117010101547 | 29.08.17 |
| 2015-16 | 2-1 | 900 | ഷാജി ജോൺ, മീൻകുടിയിൽ | 117010101696 | 15.09.17 |
| 2015-16 | 2-1 | 1250 | മധു മോഹൻ ,ശ്രീശൈലം | 117010102893 | 04.11.17 |
| 2015-16 | 2-1 | 1250 | ജെയിംയ് മാത്യു, മക്കോളിൽ | 117010102935 | 06.11.17 |
| 2015-16 | 2-1 | 1250 | അനസ് .പി,എസ്, പടിഞ്ഞാറേയിൽ | 117010103039 | 09.11.17 |
| 2015-16 | 2-1 | 1250 | റിറ്റോ മാത്യു, താണിയ്ക്കമറ്റത്തിൽ | 117010103130 | 09.11.17 |
| 2015-16 | 2-1 | 1250 | ഷെറിൻ ഏഷ്യൻ ട്രേഡേഴ്സ് | 117010103174 | 10.11.17 |
| 2015-16 | 2-1 | 3000 | റോയി ആന്റെണി ,വൈക്കോത്തടത്തിൽ | 117010103257 | 14.11.17 |
| 2015-16 | 2-1 | 1250 | ശ്രീജിത്ത ശ്രീധരൻ | 117010103278 | 14.11.17 |
| 2015-16 | 2-1 | 1250 | ബൈജു ജോസഫ്, നമ്പ്യാപറമ്പിൽ | 117010103331 | 15.11.17 |
| 2016-17 | 2-1 | 2000 | മാത്യുജോർജ് മൈലാട്ടൂർ | 1170101028 | 3.11.17 |
| ആകെ | | 36900 | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 13 | 2003-04 | 14 | വനിതവ്യവസായ യൂണിറ്റുകൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്തത്-അധിക ചെലവ് 66130/-രൂപ | പാലക്കാട് ജില്ലകളകുൂടെ റിക്കവറി നടപടികൾ തുടരുന്നു |
| 2014-15 | 2-1 | 2016-17 | 2-1അനുബന്ധം 4 | തൊഴിൽ നികുതി ഈടാക്കിയില്ല | തുക മുഴുവൻ ഈടാക്കിയിട്ടുണ്ട്. |
| 2015-16 | 2-1 | 2016-17 | 2-2 അനുബന്ധം 5 | തൊഴിൽ നികുതി ഈടാക്കിയില്ല | 48900 രൂപായുടെ പരാമർശം ഉള്ളതിൽ 42650/ ഈടാക്കി. മറ്റ് സ്ഥാപനങ്ങൾ പ്രവർത്തിക്കാത്തതിനാൽ 6250/- ഈടാക്കാൻ കഴിഞ്ഞിട്ടില്ല |

## 4-8 ചാർജ്/ സർച്ചാർജ് നടപടികളുടെ വിവരം.

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [(മുന്നിരിപ്പ് തുക ഉൾപ്പെടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)] | :56961735 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | :52837402 |
| വരവിനങ്ങളിലുള്ള നഷ്ടം | :14006 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | :0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | :196226 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| *ഖണ്ഡിക നം* | *തുക* | *ഉത്തരവാദിയായ ഉദ്യോഗസ്ഥൻ* | *പേരും വിലാസവും* |
|---|---|---|---|
| 2.1 | 14006/- | *സെക്രട്ടറി, മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്* | പി.എം.മുഹമ്മദ് പാത്താരിമറ്റത്തിൽ. |

| | | | |
|---|---|---|---|
| | | | പായിപ്ര, മാറാടി പി.ഒ മൂവാറ്റുപുഴ. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 196226 | പി.എം.മുഹമ്മദ്. സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.എം.മുഹമ്മദ് സെക്രട്ടറി | സെക്രട്ടറി,മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് | പാത്താരിമറ്റത്തിൽ. പായിപ്ര, മാറാടി.പി.ഒ, മൂവാറ്റുപുഴ |

# 4-10 തീർപ്പാക്കനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | എൽ.എഫ്.എം.(പി5)1657/01 തീയതി 26.03.2002 |
| 2001-02 | എൽ.എഫ്.എം.(പി5)1166/03 തീയതി 05.03.2003 |
| 2002-2003dcb | എൽ.എഫ്.എം.(പി5)1140/05 തീയതി 19.10.2007 |
| 2002-2003exp | എൽ.എഫ്.എം.(പി5)93/07 തീയതി 19.10.2007 |
| 2003-04 | എൽ.എഫ്.എം.(പി5)92/07 തീയതി 05.02.2008 |
| 2005-06 | എൽ.എഫ്.എം.(പി5)791/08 തീയതി 28.04.2008 |
| 2006-07 | എൽ.എഫ്.എം.(പി5)190/08 തീയതി 28.04.2008 |
| 2007-2008 | എൽ.എഫ്.എം.(പി5)692/11 തീയതി 09.05.2011 |
| 2008-2009 | എൽ.എഫ്.എം.(പി5)693/11 തീയതി 27.04.2011 |
| 2004-05, 2010-11 2011-2012 | എൽ.എഫ്.എം.(പി8)1657/01 തീയതി 17.05.2013 |
| 2012-2013,2013-14 | എൽ.എഫ്.എം.(പി8)1904/14 തീയതി 12.02.2013 |

| | |
|---|---|
| 2014-15 | കെ.എസ്.എ.ഇ.കെ.എം(പി8).1265/16 തീയതി 1.08.16 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി8).157/17 തീയതി 31.01.17 |
| 2016-2017 | കെ.എസ്.എ.ഇ.കെ.എം (പി8)982/2017 തീയതി15.06.2017 |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.KSAEKM.(പി8)2026/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
e-mail.lfadekm@gmail.com
0484- 2422771

തീയതി: 01/12/2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.</u>

1) വസ്തു നികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

2) ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

3)വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്